# കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയം ഭരണ വകുപ്പ് - വസ്തു നികുതി - വിമുക്തഭടന്മാരുടെയും അവരുടെ വിധവകളുടെയും അവരുടെ യഥാർത്ഥ താമസത്തിനായി ഉപയോഗിക്കുന്ന വീടുകളെ വീട്ടുകരം (പ്രോപ്പർട്ടി ടാക്സ്) അടക്കുന്നതിൽനിന്നും 2004-2005 രണ്ടാം അർദ്ധ വർഷം മുതൽ ഒഴിവാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയം ഭരണ (ബി) വകുപ്പ്

സ.ഉ.(എം.എസ്) നം. 03/2005/തസ്വഭവ. തിരുവനന്തപുരം, 01-01-2005.

---

പരാമർശം:- 1) 01-01-2001-ലെ ജി.ഒ.(എം.എസ്) നം.1/2001/തസ്വഭവ. നമ്പർ ഉത്തരവ്

2) കേന്ദ്രീയ സൈനിക് ബോർഡ് സെക്രട്ടറിയുടെ 05-03-2004-ലെ 2(2)/ടാക്സ് എക്സംപ്ഷൻ/കെ.എസ്.ബി/എ നമ്പർ കത്ത്.

3) അർബൻ അഫയേഴ്സ് ഡയറക്ടറുടെ 24-05-2004-ലെ എ2-7331/04. നമ്പർ കത്ത്.

<u>ഉത്തരവ്</u>

2000-ലെ സിവിൽ മിലിട്ടറി ലെയ്സൺ കോൺഫറൻസിന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ യുദ്ധത്തിൽ മരിച്ച ജവാന്മാരുടെ വിധവകളേയും അംഗവൈകല്യം സംഭവിച്ച ജവാന്മാരേയും വീട്ടുകരം (പ്രോപ്പർട്ടി ടാക്സ്) നൽകുന്നതിൽ നിന്നും 2000-01 അർദ്ധ വർഷം മുതൽ പ്രാബല്യത്തിൽ, ഇളവ് അനുവദിക്കുന്ന കാലയളവു മുതൽ പത്തു വർഷത്തേക്ക്, ഒഴിവാക്കികൊണ്ട് സൂചന ഒന്ന് പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. കെട്ടിട നികുതി അടക്കുന്നതിൽ നിന്നും മിക്ക സംസ്ഥാനങ്ങളും വിമുക്ത ഭടന്മാരേയും വിധവകളേയും ഒഴിവാക്കിയിട്ടുള്ള സാഹചര്യത്തിൽ കേരള സംസ്ഥാനവും ഈ ആനുകൂല്യം വിമുക്ത ഭടന്മാർക്കുകൂടി അനുവദിക്കണമെന്ന് കേന്ദ്രീയ സൈനിക ബോർഡ് സെക്രട്ടറി പരാമർശം രണ്ടിലെ കത്ത് പ്രകാരം അഭ്യർത്ഥിച്ചിരുന്നു. മറ്റു സംസ്ഥാനങ്ങളിൽ ഈ ആനുകൂല്യം നൽകുമ്പോൾ കേരളത്തിൽ അത് നിഷേധിക്കുന്നത് ഉചിതമല്ലെന്നും കേന്ദ്രീയ സൈനിക ബോർഡ് സെക്രട്ടറി ചൂണ്ടിക്കാണിക്കുകയുണ്ടായി.

നഗരസഭക്ക് വീട്ടുകരം (പ്രോപ്പർട്ടി ടാക്സ്) നൽകുന്നതിൽ നിന്നും വിമുക്തഭടന്മാരേയും വിധവകളേയും ഒഴിവാക്കണമെന്ന കേന്ദ്രീയ സൈനിക ബോർഡ് സെക്രട്ടറിയുടെ അഭ്യർത്ഥന അനുഭാവപൂർവ്വം പരിഗണിക്കണമെന്ന് പരാമർശം മൂന്നിലെ കത്തിൽ അർബൻ അഫയേവഴ്സ് ഡയറക്ടറും ശുപാർശ ചെയ്യുകയുണ്ടായി. സർക്കാർ ഇക്കാര്യം പരിശോധിച്ചു. 1994-ലെ കേരള മുനിസിപ്പാലിറ്റീസ് ആക്ട് 281(2) വകുപ്പ് നൽകുന്ന അധികാരം ഉപയോഗിച്ച് വിമുക്തഭടന്മാരേയും അവരുടെ വിധവകളേയും, അവരുടെ യഥാർത്ഥ താമസത്തിനായി ഉപയോഗിക്കുന്ന വീടുകളെ വീട്ടുകരം (പ്രോപ്പർട്ടി ടാക്സ്) അടക്കുന്നതിൽ നിന്നും 2004-2005 രണ്ടാം അർദ്ധ വർഷം മുതൽ ഒഴിവാക്കികൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,

ഒപ്പ്/-

പി.കമാൽകുട്ടി

ഗവൺമെന്റ് സെക്രട്ടറി.

അർബൻ അഫയേഴ്സ് ഡയറക്ടർ, തിരുവനന്തപുരം (എല്ലാ നഗരസഭാ സെക്രട്ടറിമാർക്കും ലഭ്യമാക്കുന്നതിന്)

സ്റ്റേഷൻ കമാൻഡർ, സ്റ്റേഷൻ ഹെഡ് ക്വാർട്ടേഴ്സ്, തിരുവനന്തപുരം.

മുനിസിപ്പൽ ഭരണ റീജിയണൽ ജോയിന്റ് ഡയറക്ടർ, കൊല്ലം/ കൊച്ചി/ കോഴിക്കോട്

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

പൊതു ഭരണ (സൈനിക ക്ഷേമ) വകുപ്പ്.

## കേരള സർക്കാർ

**സംഗ്രഹം**

**തദ്ദേശ സ്വയം ഭരണ വകുപ്പ് - വിമുക്തഭടന്മാരുടെയും അവരുടെ വിധവകളുടെയും യഥാർത്ഥ താമസത്തിനായി ഉപയോഗിക്കുന്ന വീടുകളെ വീട്ടുകരം (പ്രോപ്പർട്ടി ടാക്സ്) അടക്കുന്നതിൽനിന്നും 2004-2005 രണ്ടാം അർദ്ധ വർഷം മുതൽ ഒഴിവാക്കിയത് - ഗ്രാമ പഞ്ചായത്തുകൾക്കു കൂടി ബാധകമാക്കി കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.**

**തദ്ദേശ സ്വയം ഭരണ (എൽ) വകുപ്പ്**

**സ.ഉ.(എം.എസ്) നം. 111/2005/തസ്വഭവ. തിരുവനന്തപുരം, 23-04-2005.**

**പരാമർശം:-** 1) 01-01-2005-ലെ സ.ഉ.(എം.എസ്) നമ്പർ 3/05/തസ്വഭവ. നമ്പർ ഉത്തരവ്

2) 14-03-2005-ലെ സൈനിക ക്ഷേമ ഡയറക്ടറുടെ ടെലി. 0471/2304980 നമ്പർ കത്ത്.

3) 16-03-2005-ലെ പഞ്ചായത്ത് ഡയറക്ടറുടെ സി3-5203/05 നമ്പർ കത്ത്.

## ഉത്തരവ്

പരാമർശം ഒന്നിലെ സർക്കാർ ഉത്തരവ് പ്രകാരം വിമുക്തഭടന്മാരെയും അവരുടെ വിധവകളുടെയും അവരുടെ യഥാർത്ഥ താമസത്തിനായി ഉപയോഗിക്കുന്ന വീടുകളെ, 1994-ലെ കേരള മുനിസിപ്പാലിറ്റീസ് ആക്ട് 281(2) വകുപ്പ് നൽകുന്ന അധികാരം ഉപയോഗിച്ച് വീട്ടുകരം അടയക്കുന്നതിൽ നിന്നും 2004-05 രണ്ടാം അർദ്ധ വർഷം മുതൽ ഒഴിവാക്കിയിട്ടുണ്ട്. എന്നാൽ മേൽ ഉത്തരവിൻ പ്രകാരമുള്ള ആനുകൂല്യം പഞ്ചായത്തു പ്രദേശങ്ങളിൽ കൂടി ബാധകമാക്കണമെന്ന് പരാമർശം രണ്ട് പ്രകാരം സൈനിക ക്ഷേമ ഡയറക്ടർ ആവശ്യപ്പെട്ടിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 207-ാം വകുപ്പ് 2-ാം ഉപവകുപ്പ് പ്രകാരം നൽകപ്പെട്ട അധികാരം വിനിയോഗിച്ച് പരാമർശം ഒന്നിലെ സർക്കാർ ഉത്തരവ് പ്രകാരമുള്ള ആനുകൂല്യം പഞ്ചായത്തു പ്രദേശങ്ങളിൽ താമസിക്കുന്നവർക്ക് കൂടി ബാധകമാക്കി കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,

വി.ഐ.അമ്മിണിക്കുട്ടി
ജോയിൻറ്റ് സെക്രട്ടറി.

1. സൈനിക ക്ഷേമ ഡയറക്ടർ, തിരുവനന്തപുരം.
2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം (എല്ലാ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാർക്കും ലഭ്യമാക്കുന്നതിന്)
3. എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
4. പൊതു ഭരണ (സൈനിക ക്ഷേമ) വകുപ്പ്.

പകർപ്പ്;- തദ്ദേശ സ്വയംഭരണ വകുപ്പിലെ എല്ലാ സെക്ഷനുകൾക്കും
തദ്ദേശ സ്വയംഭരണ വകുപ്പു മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറി (റൂറൽ) യുടെ സി.എ.യ്ക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറി (അർബൻ) യുടെ സി.എ.യ്ക്ക്
സംഭരണ ഫയൽ/ ഓഫീസ് കോപ്പി.